തീരുമാനിച്ചു. ഗവൺമെന്റിനു ലഭിച്ച നിവേദനങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കയാണു്.

പട്ടികജാതി വിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻറ്

*൧൧൧൪. (൭൩) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു തിരുവിതാംകൂർ വിദ്യാഭ്യാസത്തുപഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ എത്രപേർക്കു മിഡിൽസ്കൂളിലും ഹൈസ്കൂളിലും സ്റ്റൈപ്പൻറ് കൊടുത്തു;

(ബി) ഇനി ആർക്കെങ്കിലും കൊടുക്കാനുണ്ടോ; ഉണ്ടെങ്കിൽ കൊടുക്കാതിരിക്കുന്നതിനുള്ള കാരണം?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൫൩ സ്കൂളിലെ വിദ്യാർത്ഥികൾക്കു്.

(ബി) ഉണ്ടു്. ആദ്യം അനുവദിച്ചതുക തീർന്നുപോയതിനാൽ വീണ്ടും കൂടുതലായി തുക അനുവദിക്കേണ്ടിവന്നു. ഇതിലേക്കു അല്പം കാലതാമസം നേരിട്ടിട്ടുണ്ടു്. എന്നാൽ സ്റ്റൈപ്പൻറ് എല്ലാവർക്കും കൊടുക്കുന്നകാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിക്കുന്നുണ്ടു്.

HARIJAN STUDENTS

*1115. [83] **Sry. Devaki Gopidas:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(*a*) how many Harijan students are now studying in the various Colleges of the Travancore-Cochin State;

(*b*) what arrangements are made by Government for their hostel accommodation; and

(*c*) what are the financial and other help rendered to them by the Government for the prosecution fo their studies?

Minister for Industrtes, Excise & Local Self-Government **(Sri. N. Kunjuraman):**

(*a*), (*b*) & (*c*) The Hon'ble member is referred to the answer given to her earlier interpellation No. 69 which is the same as this.

കോളനികൾ

*൧൧൧൫. (വ്യ ൭) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോളനികൾ അനുവദിച്ചു കിട്ടേണ്ടതിനെ സംബന്ധിച്ചു് ഫസ്റ്റ് ഓർഡർ പിന്നോക്കസമുദായങ്ങളിൽനിന്നും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടു്;

(ബി) എതെല്ലാം പ്രദേശങ്ങളിൽ നിന്നാണു് അപേക്ഷകൾ കിട്ടിയിട്ടുള്ളതു്;

(സി) എവിടെയെങ്കിലും കോളനി അനുവദിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ-യും ബി-യും) കോളനികൾ അനുവദിച്ചുകിട്ടേണ്ടതിനു മാത്രമായി ഫോറം ൪൦-ൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കണക്കുവച്ചിട്ടില്ല. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ നാനാഭാഗങ്ങളിൽനിന്നുമായി അനവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

ധനസഹായം

*൧൧൧൬. (വ്യൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഷെഡ്യൂൾ കാസ്റ്റിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ഫോറം ൪൦ലെ എഡ്യൂക്കേഷൻ സഹായം കൊടുത്തു;

(ബി) അതിൽ ഹൈസ്കൂൾ ക്ലാസുകളിൽ എത്ര; മിഡിൽ സെക്ഷനിൽഎത്ര;

(സി) അപ്രകാരം കൊടുത്ത തുകയെന്തു;

(ഡി) ധനസഹായലിസ്റ്റ് അയച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൯൩൫ സ്കൂളിലെ വിദ്യാർത്ഥികൾക്ക്.

(ബി) ഓരോവിഭാഗത്തിലും എത്ര വിദ്യാർത്ഥികൾവീതമുണ്ടെന്നു കണക്കെടുത്തിട്ടില്ല.

(സി) രൂപാ ൧,൫൩,൦൦൦.

(ഡി) കൊടുത്തു തീർന്നിട്ടില്ല.

(ഇ) ആദ്യം അനുവദിച്ചതുകയിൽ കൂടുതലായി വീണ്ടും തുക അനുവദിക്കേണ്ടിവന്നതു നിമിത്തം അല്പംതാമസം നേരിട്ടു.

കോളനി കെട്ടിടങ്ങൾ

*൧൧൧൭. (൯൦) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അവശസമുദായസംരക്ഷണ ഡിപ്പാർട്ടുമെൻറിൽനിന്നും കോളനികൾ ഉണ്ടാക്കികൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ഓല കെട്ടിമേയുന്നതിനു കൊടുത്തുകൊണ്ടിരുന്ന ധനസഹായം ഈ കൊല്ലം കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) കോളനികളിലുള്ളകെട്ടിടങ്ങൾ ഓലകെട്ടിമേയുന്നതിനു ധനസഹായം കൊടുക്കേണ്ടതില്ലെന്നു അവശസമുദായസംരക്ഷണ ഉപദേശകക്കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly